കിടക്കുന്ന റെയിൽവേ ഗേറ്റ് അടഞ്ഞുകിടക്കുന്നതുകൊണ്ട് മെഡിക്കൽ കോളേജിലേയ്ക്ക് പോകുന്ന രോഗികൾക്ക് സമയത്തിന് ചികിൽസ കിട്ടാതെ മരണപ്പെട്ടുപോയിട്ടുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാർ റെയിൽവേയ്ക്ക് കെട്ടിവയ്ക്കേണ്ട ഡെപ്പോസിറ്റ് സംഖ്യ കെട്ടിവച്ച് മേൽപ്പാലത്തിന്റെ പണി അടിയന്തിരമായും പൂർത്തീകരിക്കുന്നതിനുള്ള നടപടി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി സ്റ്റേറ്റ് ഹൈവേയിലെ റെയിൽവേ ലവൽ ക്രോസ്സിലെ ഗതാഗത കുരുക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡെപ്പോസിറ്റ് വ്യവസ്ഥയിൽ റെയിൽവേയുടെ ചുമതലയിൽത്തന്നെ മേൽപ്പാലം നിർമ്മിക്കുന്നതിന് റെയിൽവേ സമ്മതിച്ചിട്ടുണ്ട്. ഈ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഇതിനകം പൂർത്തിയായി. മേൽപ്പാലനിർമ്മാണത്തിന്റെ മുന്നോടിയായി ചില വ്യവസ്ഥകൾ വച്ചിരുന്നു. ഈ വ്യവസ്ഥകൾ അംഗീകരിച്ചതായി 1-3-2004-ൽ റെയിൽവേ അറിയിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായി അടയ്ക്കേണ്ടത് 41 ലക്ഷം രൂപയാണ്. അതിൽ 19 ലക്ഷം രൂപ അടയ്ക്കാൻ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള സംഖ്യക്കുവേണ്ടി പ്രൊപ്പോസൽസ് അയച്ചുകഴിഞ്ഞിട്ടുണ്ട്. മേൽപ്പാലനിർമ്മാണത്തിന്റെ പണി ആരംഭിക്കണമെങ്കിൽ അതിന്റെ ഡിസൈൻ റെയിൽവേ പൂർത്തിയാക്കേണ്ടതുണ്ട്. റെയിൽവേയാണ് ഡിസൈൻ പൂർത്തിയാക്കേണ്ടത്. റെയിൽവേ ആ ഡിസൈൻ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ പാലം പണിയേണ്ടത് റെയിൽവേയാണ്. ഗവൺമെന്റ് ആകെ ചെയ്യേണ്ടത് 41 ലക്ഷം രൂപ കൊടുക്കുക എന്നതാണ്. അതിൽ 19 ലക്ഷം രൂപയ്ക്ക് എൽ.സി. ആയിക്കഴിഞ്ഞു. ബാക്കി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. എത്രയും പെട്ടെന്ന് അത് ഡെപ്പോസിറ്റ് ചെയ്യുന്നതാണെന്ന് അറിയിക്കുകയാണ്.

10.00 a.m.]

(5) ഇളമണ്ണൂരിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള ഫുഡ് പ്രോസ്സസിംഗ് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാനത്ത് ഫുഡ് പ്രോസ്സസിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കിൻഫ്ര വഴി ചില നീക്കങ്ങൾ നടത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഇളമണ്ണൂരിൽ 80 എക്കർ സ്ഥലത്ത് ഇപ്പോൾ ഫുഡ് പ്രോസസ്സിംഗ് പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ കിൻഫ്രയുടെ നേതൃത്വത്തിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. അത് മന്ദഗതിയിലാകാതിരിക്കുന്നതിനു ശക്തമായ നടപടി ആരംഭിക്കണം. വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പത്തനംതിട്ടയിലെ ഏക വ്യവസായ സ്ഥാപനം എന്ന നിലയിൽ ഇതിന് ആവശ്യമായ എല്ലാ സഹായ സഹകരണവും ചെയ്യണം. നൂറ് കണക്കിന് കോടി രൂപയുടെ നിക്ഷേപം നാളെ ഒരുപക്ഷേ ഉണ്ടാകാൻ സാധ്യതയുള്ള ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി പൂർത്തിയാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇൻവെസ്റ്റേഴ്സിനെ അത്യുത്സാഹപൂർവ്വം ഈ രംഗത്ത് കൊണ്ടുവരുകയും അവരെ കൃാൻവാസ് ചെയ്തുതരുകയും ചെയ്യാമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുകൊണ്ടാണ് പാർക്കിന്റെ നടപടികൾ പൂർത്തിയാക്കി കൊണ്ടുവരുന്നത്. പാർക്ക് നിർമ്മിക്കാം. അതിൽ യാതൊരു സംശയവും വേണ്ട. പത്തനംതിട്ടയിൽ ധാരാളം ഇൻവെസ്റ്റേഴ്സിനെ തരാമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടാണ് ഇത് തുടങ്ങിയത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇൻവെസ്റ്റേഴ്സിനെ കൊണ്ടുവരാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എന്നാൽ ഇത് വേഗം പൂർത്തിയാക്കാം.

(6) തൊഴിലാളികളുടെ ധർണ്ണ

ശ്രീ. എ. കെ. ബാലൻ: സർ, വ്യവസായവും തൊഴിലും സംരക്ഷിക്കുക, പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് പെൻഷനും ക്ഷേമപദ്ധതിയും ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കർഷകത്തൊഴിലാളികൾ ഇന്ന് കളക്ടറേറ്റ് ധർണ്ണ നടത്തുകയാണ്. കയർ വ്യവസായത്തിലെ നാലുലക്ഷം തൊഴിലാളികളിൽ മൂന്ന് ലക്ഷംപേർക്ക് ഇപ്പോൾ പണിയില്ല. ഒന്നര ലക്ഷം തൊഴിലാളികളുള്ള കൈത്തറി വ്യവസായം തകർന്നു. കശുവണ്ടിത്തൊഴിലാളികൾക്ക് ഒരു ദിവസം പോലും തൊഴിലില്ല.

മി. സ്പീക്കർ: ഇതൊന്നും അനുവദിക്കുവാൻ കഴിയില്ല. സ്പെഷ്യൽ കേസ്സായിട്ട് അനുവദിച്ചതാണ്.

ശ്രീ. എ. കെ.. ബാലൻ: മൽസ്യത്തൊഴിലാളി ക്ഷേമപദ്ധതി ഉൾപ്പെടെയുള്ള എല്ലാ ക്ഷേമ പദ്ധതികളും നിർത്തലാക്കി ചൗധരി കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും അടച്ചുപൂട്ടാനാണ് തീരുമാനിച്ചിരിക്കുന്നത്. പതിനായിരക്കണക്കിന് തൊഴിലാളികളെ പിരിച്ചുവിട്ടു. പട്ടിണിയും ദുരിതവുംമൂലം 41 പേർ തോട്ടംമേഖലയിൽമാത്രം മരിച്ചു. പാലക്കാട് 40 വൻകിട ഇടത്തരം സ്ഥാപനങ്ങളും 150 ചെറുകിട യൂണിറ്റുകളും അടച്ചുപൂട്ടി. പതിനൊന്നായിരം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു. മലബാർ സിമന്റ്സ് ഏതാണ്ട് അടച്ചുപൂട്ടാൻ പോവുകയാണ്. ചിറ്റൂർ ഷുഗർ ഫാക്ടറിയിൽ ഇരുപത് മാസമായി തൊഴിലാളികൾ സമരത്തിലാണ്. നിരവധി തൊഴിലാളികൾക്ക് പണിയില്ല. ഇതിനെ ആശ്രയിച്ച് ജീവിക്കുന്ന പതിനായിരത്തോളം വരുന്ന കർഷകത്തൊഴിലാളികൾക്കും അഞ്ഞൂറോളംവരുന്ന പാവപ്പെട്ട കരിമ്പ് കർഷകർക്കും യാതൊരു പണിയുമില്ല. അവർ ഈ സ്ഥാപനത്തിൽ കൊടുക്കുന്ന കരിമ്പിന് വില കിട്ടുന്നില്ല. വിദേശമദ്യത്തിന് ആവശ്യമായിട്ടുള്ള ഇ.എൻ.എ. ഉൽപ്പാദിപ്പിക്കുന്ന ഈ സ്ഥാപനത്തിൽനിന്ന് ബിവറേജസ് കോർപ്പറേഷന് ആവശ്യമായിട്ടുള്ള പത്ത് ശതമാനം എടുത്താൽ പ്രശ്നം തീർന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ബിവറേജസ് കോർപ്പറേഷന് കൈമാറാമെന്നാണ് പറഞ്ഞത്. അങ്ങനെ പാവപ്പെട്ട ജനങ്ങളെ ഒന്ന് രക്ഷിക്കണം. അതുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇതുവരെ നല്ല രീതിയിലുള്ള ഉത്തരം കിട്ടിയിരുന്നില്ല. നല്ലൊരു മറുപടി കിട്ടണം. അതുകൊണ്ടാണ് ഇവിടെ ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly